പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 796 — 30/06/2015 ൽ മറുപടിക്ക്

**മിഷൻ 676-ൽ ഉൾപ്പെടുത്തിയ ആരോഗ്യ സുരക്ഷാ പദ്ധതികൾ**

| ചോദ്യം<br>ശ്രീ. കെ.മുരളീധരൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, ലൂഡി ലൂയിസ്<br>,,എം.പി.വിൻസെൻറ് | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മിഷൻ 676-ൽ ഉൾപ്പെടുത്തി എല്ലാവർക്കും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത മിഷൻ വഴി ആരോഗ്യ വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | പദ്ധതികൾ അനുബന്ധമായി നൽകിയിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; | (സി) | ആരോഗ്യവകുപ്പ് മന്ത്രിയുടെ മേൽനോട്ടത്തിൽ, ആരോഗ്യകുടുംബക്ഷേമ വകുപ്പിലെ എല്ലാ വകുപ്പ് തലവൻമാരുടെയും, ജില്ലാ മേധാവികൾ ഉൾപ്പെടെ എല്ലാ ഉന്നത ഉദ്യോഗസ്ഥരുടെയും കൂട്ടായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്ന പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടാണ് മിഷൻ 676 പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയത്. |
| (ഡി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ ? | (ഡി) | എല്ലാ മാസവും ആരോഗ്യവകുപ്പ് മന്ത്രി നേരിട്ട് പദ്ധതികളുടെ പ്രവർത്തനപുരോഗതി അവലോകനം ചെയ്തുവരുന്നു. ആരോഗ്യവകുപ്പ് സെക്രട്ടറി, ആരോഗ്യവകുപ്പ് ഡയറക്ടർ, എൻ.ആർ.എച്ച്.എം. മിഷൻ ഡയറക്ടർ തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥർ പദ്ധതികളുടെ മാസം തോറുമുള്ള പുരോഗതി വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പദ്ധതികളുടെ ചാർജ് വഹിക്കുന്ന എല്ലാ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഗവൺമെന്റ് തലത്തിൽ മാസംതോറും അവലോകന യോഗങ്ങളും ആവശ്യമായ ഇടപെടലുകളും നടത്തുകയും ചെയ്യുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ